Uncorrected/Not for publication
18-09-2025

**സബ്മിഷൻ**

<u>ആറാട്ടുപുഴയിലെ ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എന്റെ നിയോജനക മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിന്റെ പരിധിയിലുള്ള കായംകുളം കായലിൽനിന്നും ദേശീയ പാത നിർമ്മാണാവശ്യത്തിന് മണ്ണ് ലഭിക്കുന്നതിനായി ഇറിഗേഷൻ വകുപ്പ് മുഖേന ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ നടത്തുകയാണ്. ഏകദേശം 2,68,000 ക്യൂബിക് മീറ്റർ മണ്ണ് ഖനനം ചെയ്തുകൊണ്ടുപോകുന്നതിന് ദേശീയപാതയുടെ കരാർ കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരിക്കുകയാണ്. ഇത്രയും ഭീമമായ തോതിൽ കായംകുളം കായലിൽനിന്ന് മണ്ണെടുത്താൽ ആ പ്രദേശത്തിന്റെ സർവനാശത്തിന് വഴിതെളിക്കുമെന്നുള്ളതാണ് ജനങ്ങൾ പ്രകടിപ്പിക്കുന്ന ആശങ്ക. കായലിനും കടലിനുമിടയ്ക്കുള്ള ചെറിയൊരു ഗ്രാമമാണ് ആറാട്ടുപുഴ പഞ്ചായത്ത്, അതീവ പരിസ്ഥിതി ദുർബല പ്രദേശമാണ്. അതിരൂക്ഷമായ കടൽക്ഷോഭവും കള്ളക്കടൽ പ്രതിഭാസവും തീരദേശ പരിപാലനിയന്ത്രണത്തിലെ കർശന വ്യവസ്ഥകളുംമൂലം ആറാട്ടുപുഴ പഞ്ചായത്തിലെ ജനങ്ങൾ ഇപ്പോൾത്തന്നെ വലിയ തോതിലുള്ള പ്രതിസന്ധി നേരിടുകയാണ്. യാതൊരു പാരിസ്ഥിതിക

സാമൂഹിക ആഘാത പഠനങ്ങളും നടത്താതെ തികച്ചും അശാസ്ത്രീയമായാണ് ഇപ്പോൾ ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്. ഇത്തരത്തിൽ ആഴത്തിലുള്ള ഡ്രെഡ്ജിങ് നടത്തിയാൽ കായൽ തീരത്തുള്ള വീടുകൾക്കും സ്വത്തുവകകൾക്കും നാശമുണ്ടാകുമെന്നാണ് ജനങ്ങളുടെ പരാതി. കായലിന് ഇരുവശത്തുമുള്ള കരകൾ ഇടിഞ്ഞുതാഴുമെന്നും കെട്ടിടങ്ങൾക്കും ഭൂപ്രകൃതിക്കും വലിയ തോതിലുള്ള കോട്ടങ്ങളുണ്ടാകുമെന്നും ജനങ്ങൾ ആശങ്കപ്പെടുകയാണ്. ഖനനത്തെത്തുടർന്ന് ഭൂമിക്കടിയിൽനിന്ന് വെള്ളവും മണലും ഊർന്നിറങ്ങി മണൽത്തിട്ടകൾ ഇടിയാനും ഭൂമി താഴാനുമുള്ള സാധ്യതയുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. വർഷത്തിൽ നിരവധി തവണ വേലിയേറ്റം കാരണം ഓരുവെള്ളം കയറി ആ പ്രദേശത്തെ മുഴുവൻ കൃഷിയും നശിക്കുന്നൊരു പ്രതിഭാസവുമുണ്ട്. കായലിന്റെ അടിത്തട്ട് ആഴത്തിൽ ഡ്രെഡ്ജ് ചെയ്യുന്നതുമൂലം ഭൂഗർഭ ജലസ്രോതസ്സിൽ ഉപ്പുകലർന്ന മലിനജലമുണ്ടാകുമെന്ന ആശങ്ക ജനങ്ങൾക്കുണ്ട്. അശാസ്ത്രീയമായ ഈ ഡ്രെഡ്ജിങ്ങിനെതിരെ ജനങ്ങൾ മുന്നോട്ട് വരുന്നുണ്ട്. ഹൈവേ നിർമ്മാണത്തിന് മണ്ണാവശ്യമാണ്. പക്ഷേ അതെടുക്കേണ്ട സ്ഥലങ്ങൾ ഏതാണെന്ന് ഗവൺമെന്റ് തീരുമാനിക്കേണ്ടേ; അതിന് സാമൂഹിക ആഘാത പഠനങ്ങൾ നടത്തേണ്ടേ?

കായംകുളം പൊഴിയിൽനിന്ന് വേണമെങ്കിൽ മണ്ണെടുക്കാം. അതെടുക്കാതെ രണ്ട് ഭാഗത്തും ജീവിക്കുന്ന ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാകുന്ന നിലയിൽ 2,68,000-ൽ അധികം ക്യൂബിക് മീറ്റർ മണ്ണെടുക്കുകയാണ്. അതോടൊപ്പംതന്നെ ഇക്കോളജിക്കലി സെൻസിറ്റീവായ പ്രദേശങ്ങളിൽ ഇത് ചെയ്യരുതെന്ന് ഗവൺമെന്റ് ഉത്തരവിൽത്തന്നെ പറയുന്നുണ്ട്. അതുപോലും കണക്കിലെടുക്കാതെ കായംകുളം കായലിൽ നടത്തുന്ന ഈ വമ്പിച്ച തോതിലുള്ള ഡ്രെഡ്ജിങ് ഏകദേശം 268000-ൽ ക്യൂബിക് മീറ്റർ മണ്ണെടുക്കുന്നത് പുനഃപരിശോധിക്കണം. ജനങ്ങളുടെ ആശങ്കകൾ അകറ്റണം. മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളും സമൂഹത്തിലെ ഏറ്റവും ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശമാണ്. നിരവധി തവണ സന്ദർശിച്ചിട്ടുള്ള അങ്ങേയ്ക്ക് ഇക്കാര്യം അറിയാവുന്നതാണ്. ഈ പഞ്ചായത്തിന്റെ ദുരിതപൂർണ്ണമായ ജീവിതം കൂടുതൽ ദുസ്സഹമാകുന്ന സാഹചര്യം ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ദേശീയപാത വികസനത്തിനായി തിരഞ്ഞെടുത്ത പതിനൊന്ന് ജലാശയങ്ങളിൽ

ഡ്രെഡ്ജിങ് നടത്തുന്നതിനും ഡ്രെഡ്ജ് ചെയ്ത എക്കലും ചെളിയും മണ്ണും ദേശീയ പാതകളുടെ വികസനത്തിനായി ഉപയോഗിക്കാനും അനുവദിക്കുന്ന ഒരു സമഗ്ര നയ ചട്ടക്കൂട് 21-04-2025-ലെ G.O.(Ms) No.28/2025/WRD പ്രകാരം ജലവിഭവ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും വേഗത്തിലും നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ 14-05-2025-ലെ GO(Ms) No. 37/2025/WRD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ കായംകുളം കായലിലെ പൊഴിമുഖം മുതൽ പതിയാങ്കര വരെയുള്ള ഭാഗമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ ഭാഗത്തെ മണിവേലിക്കടവിന് തെക്കുവശത്തായി ഏകദേശം 1200 മീറ്റർ നീളത്തിലും 250 മീറ്റർ വീതിയിലും ശരാശരി ബെഡ് ലെവലിൽനിന്നും 1 മീറ്റർ ആഴത്തിലുമായി ഏകദേശം 268500 ക്യൂബിക്ക് മീറ്റർ മണ്ണും ചെളിയും കലർന്ന മിശ്രിതം നീക്കം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അടിത്തട്ടിലേക്കുള്ളതല്ല. സമീപത്തായുള്ള Inland Water Way-യുടെ കപ്പൽ ചാലിന്റെ ആഴം ഏകദേശം 2.5 മീറ്റർ മുതൽ 3.3 മീറ്റർ

വരെയാണ്. അതിൽനിന്നും 1.5 മുതൽ 2 മീറ്റർവരെ ഉയർത്തിയാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. തന്മൂലം കായംകുളം കായലിന്റെ സംഭരണശേഷി വർധിക്കുകയും വേലിയിറക്ക സമയത്ത് ജലപാതയിലൂടെയുള്ള യാനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് സഹായകവുമാകുന്നു. നിലവിൽ 1 മീറ്റർ ആഴത്തിൽ മണ്ണും ചെളിയും കലർന്ന മിശ്രിതം നീക്കം ചെയ്യുന്നതുകൊണ്ട് കായംകുളം കായലിന് പരിസ്ഥിതി ആഘാതം ലഘൂകരിക്കുന്ന രീതിയിലാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ആയതിനാലാണ് സർക്കാർ ഉത്തരവുപ്രകാരം കായംകുളം കായലിൽനിന്നും ദേശീയപാതാ നിർമ്മാണാവശ്യത്തിന് മണ്ണ് ലഭ്യമാക്കുന്നതിനായി NHAI മുഖേന ഡ്രഡ്ജിങ് പ്രവർത്തനം നടന്നു വരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതുസംബന്ധിച്ചുള്ള സാമൂഹിക ആഘാത പഠനം നടന്നിട്ടില്ലല്ലോ? (മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനിൽ ചർച്ചയില്ല.

വാമനപുരം-കുറ്ററ, ആറാംപള്ളി പമ്പ് ഹൗസുകളിലേക്കുള്ള

Uncorrected/Not for publication
18-09-2025

## വോൾട്ടേജ് ക്ഷാമം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ നെല്ലനാട് പഞ്ചായത്തിലെ കുറ്ററ, ആനാട് പഞ്ചായത്തിലെ ആറാംപള്ളി എന്നീ രണ്ട് പമ്പ് ഹൗസുകളിലേയ്ക്കുള്ള വോൾട്ടേജ് ക്ഷാമംമൂലം കുടിവെള്ള വിതരണം ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഈ രണ്ട് പഞ്ചായത്തുകളിലെ നിരവധി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. വാമനപുരം- ആനാട് കെ.എസ്.ഇ.ബി. സെക്ഷൻ പരിധിയിലാണ് പ്രസ്തുത പമ്പ് ഹൗസുകൾ സ്ഥിതിചെയ്യുന്നത്. മാസങ്ങൾക്കുമുമ്പ് കെ.എസ്.ഇ.ബി.എൽ.-ലെയും വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥരുമായി സംയുക്തയോഗം വിളിച്ച് പ്രശ്നം പരിഹരിക്കുന്നതിന് ശ്രമിച്ചെങ്കിലും ഇപ്പോഴും വോൾട്ടേജ് ക്ഷാമം തുടരുകയാണ്. ഇക്കഴിഞ്ഞ ഓണനാളുകളിൽ ഈ രണ്ട് പഞ്ചായത്തുകളിലെ ഭൂരിപക്ഷം പ്രദേശങ്ങളിലും പലദിവസവും കുടിവെള്ളം മുടങ്ങുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ അധികാരികളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തേണ്ടതാണ്. കണക്ഷനുകളുടെ എണ്ണം കൂടുന്നതാണ് എല്ലായിടത്തും വോൾട്ടേജ് എത്താത്തതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിനാൽ

ഇക്കാര്യത്തിൽ അടിയന്തരശ്രദ്ധയുണ്ടായി പ്രസ്തുത സ്ഥലങ്ങളിൽ ശാശ്വതമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, നെടുമങ്ങാട് ഡിവിഷനിലെ വാമനപുരം സെക്ഷന്റെ പരിധിയിലാണ് കുറ്ററ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. നെല്ലനാട്, വാമനപുരം പഞ്ചായത്തുകളിലെ മേലാറ്റുകഴി, വണ്ടിപ്പുരമുക്ക്, കാന്തലക്കോണം എന്നീ സ്ഥലങ്ങളിലേക്ക് ജലം പമ്പ് ചെയ്യുന്നത് വാട്ടർ അതോറിറ്റിയുടെ കുറ്ററ പമ്പ്ഹൗസിൽ നിന്നുമാണ്. കേരള വാട്ടർ അതോറിറ്റിയുടെ കുറ്ററ സ്ഥാപിച്ചിരിക്കുന്ന ഈ പമ്പ് ഹൗസിലെ നിലവിലെ കണക്ടഡ് ലോഡ് 120 HP ആണ്. എന്നാൽ ഈ പമ്പ് ഹൗസ് ഒരു ലോ ടെൻഷൻ (LT) കണക്ഷനായാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കിളിമാനൂർ 110 kV സബ്സ്റ്റേഷനിൽനിന്നുള്ള 11 kV കാരേറ്റ് ഫീഡർ വഴിയാണ് സാധാരണ ദിവസങ്ങളിൽ ടി പമ്പ് ഹൗസിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നത്. എന്നാൽ കാരേറ്റ് ഫീഡർ ഫാൾട്ടിയാകുന്ന അവസരങ്ങളിലും അറ്റകുറ്റ പണികൾക്കായി ഓഫ് ചെയ്യുന്ന

അവസരങ്ങളിലും മറ്റു ഫീഡറുകൾ വഴി ബാക്ക് ഫീഡ് ചെയ്ത് പമ്പ് ഹൗസിലേക്ക് വൈദ്യുതി നിലനിർത്താറുണ്ട്. ഇത്തരം സന്ദർഭത്തിലാണ് വോൾട്ടേജ് വ്യതിയാനമുണ്ടാകുന്നത്. പ്രസ്തുത വോൾട്ടേജ് ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് ഹൈ ടെൻഷൻ (HT) കണക്ഷൻ നൽകുന്നതിനായി നെല്ലനാട് നിന്ന് 100 മീറ്റർ 11 kV OH ലൈൻ നിർമ്മാണത്തിനായി 2,99,382 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും വാട്ടർ അതോറിറ്റി പ്രസ്തുത തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ലൈൻ നിർമ്മാണം 25-09-2025-നമുമ്പതന്നെ പൂർത്തീകരിക്കുന്നതാണ്. വാട്ടർ അതോറിറ്റി വയറിങ്ങും ടെസ്റ്റ് റിപ്പോർട്ടും ഉൾപ്പെടെ അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ച് നിലവിലെ കണക്ഷൻ ഹൈ ടെൻഷൻ (HT) ആയി മാറുമ്പോൾ കുറ്ററ പമ്പ് ഹൗസിലെ വോൾട്ടേജ് ക്ഷാമം ശാശ്വതമായി പരിഹരിക്കപ്പെടുന്നതാണ്.

നെടുമങ്ങാട് ഡിവിഷനിലെ ചുള്ളിമാനൂർ സെക്ഷന്റെ പരിധിയിലാണ് ആറാംപള്ളി പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. ചുള്ളിമാനൂർ സെക്ഷൻ പരിധിയിലുള്ള ആറാംപള്ളി പമ്പ് ഹൗസിലേക്ക് നിലവിൽ ആറാംപള്ളി

പമ്പ് ഹൗസ് 100 kVA ട്രാൻസ്ഫോർമറിൽ നിന്നുമാണ് വൈദ്യുതി വിതരണം ചെയ്യുന്നത്. ഈ പമ്പ് ഹൗസിൽ 35 HP-യുടെ ഒരു മോട്ടോറാണ് സ്ഥാപിച്ചിട്ടുള്ളത്. ചുള്ളിമാനൂർ 33 kV സബ്സ്റ്റേഷനിൽ നിന്നുള്ള 11 kV പനവൂർ ഫീഡർ വഴിയാണ് ആറാംപള്ളി പമ്പ് ഹൗസിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്നത്. ചുള്ളിമാനൂർ 33 kV സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്ന 110 kV നെടുമങ്ങാട് സബ് സ്റ്റേഷനിലെ Tap Changer 19-07-2025 മുതൽ 19-08-2025 വരെ കേടായിരുന്നതിനാൽ മതിയായ വോൾട്ടേജ് നിലനിർത്തുന്നതിന് തടസ്സം നേരിട്ടിരുന്നു. ഇപ്പോൾ കേടുപാടുകൾ പരിഹരിക്കുകയും ആറാംപള്ളി പമ്പ് ഹൗസിലെ മോട്ടോറിന് കൃത്യമായി വോൾട്ടേജ് നിലനിർത്തി പോകുകയും ചെയ്യുന്നുണ്ട്.

<u>പെരിന്തൽമണ്ണയിലെ ജനവാസമേഖലകളിലെ പുലിശല്യം</u>

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പെരിന്തൽമണ്ണയിലെ മണ്ണാർമല പ്രദേശത്ത് രണ്ട് വർഷമായി വലിയ തോതിൽ പുലി ശല്യമുണ്ടാകുന്നതിൽ നാട്ടുകാർ ആകെ ആശങ്കയിലാണ്. അവിടെയുള്ള നാട്ടുകാർ മുഴുവനും വളരെ ഭീതിയിലാണ്. പലരും പുലിയെ കണ്ടെന്ന് പരാതിപ്പെട്ടെങ്കിലും വനം വകുപ്പ് ഉദ്യോഗസ്ഥർ അത് കാട്ടുപൂച്ച എന്നാണ് ആദ്യഘട്ടത്തിൽ പറഞ്ഞത്. പക്ഷേ

അവസാനം നാട്ടുകാരുടെ നേതൃത്വത്തിൽതന്നെ ആറോളം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും പുലി മുപ്പതോളം തവണ ക്യാമറയിൽ പതിയുകയും ചെയ്തിട്ടുണ്ട്. ഈയവസരത്തിലും വനംവകുപ്പിന്റെ ഭാഗത്തുനിന്ന് കാര്യമായൊരു നടപടിയുമുണ്ടായില്ല. വളരെ ആശങ്കാജനകമായ ഈ സ്ഥിതിവിശേഷം നടക്കുമ്പോഴാണ് ജനവാസകേന്ദ്രമായ പെരിന്തൽമണ്ണ നഗരത്തിന് ഒരു കിലോമീറ്റർ മാത്രം അകലെയുള്ള മണ്ണാർമല പ്രദേശത്ത് രണ്ട് തവണ ബൈക്ക് യാത്രക്കാരെ പുലി ആക്രമിച്ചത്. ഇതിലൂടെ അവർക്ക് വളരെ ഗുരുതരമായ പരിക്കേൽക്കുന്ന സാഹചര്യമുണ്ടാകുകയും ഭാഗ്യമുള്ളതുകൊണ്ട് മാത്രം അവരുടെ ജീവൻ തിരിച്ച് ലഭിക്കുകയും ചെയ്തു. ഏതുസമയത്തും നമ്മുടെ ആളുകൾ ആക്രമിക്കപ്പെടുന്ന ഒരു സാഹചര്യം വന്നിരിക്കുകയാണ്. നിരീക്ഷണ ക്യാമറയിൽ പുലി സ്ഥിരമായി കുടുങ്ങുന്ന സന്ദർഭമുണ്ടായിട്ടും അതിനെതിരായി ശക്തമായ നടപടിയെടുക്കാൻ ഇതുവരെ കഴിഞ്ഞില്ല. ഇന്നലെ നാട്ടുകാർ എല്ലാവരും അവിടെ വലിയൊരു പ്രതിഷേധ പരിപാടി നടത്തി. ആ പരിപാടി നടത്തിയ നാട്ടുകാരും പഞ്ചായത്ത് പ്രസിഡന്റും ഗ്രാമപഞ്ചായത്ത് മെമ്പറും ഉൾപ്പെടുന്ന മുപ്പതോളം ആളുകൾക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്.

എന്നാൽ ഈ പുലിയെ പിടികൂടാനായി യാതൊരു നടപടിയുമുണ്ടായിട്ടില്ല. അങ്ങ് ഇക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടണമെന്നാണ് ബഹുമാന്യനായ വനം-വന്യജീവി വകുപ്പുമന്ത്രിയോട് അഭ്യർഥിക്കാനുള്ളത്. കാരണം, വണ്ടൂരിൽ ഒരു കടുവ മനുഷ്യനെ കടിച്ച് കൊന്നതിനുശേഷമാണ് നമുക്ക് അതിൽ ഇടപെടാൻ കഴിഞ്ഞത്. മണ്ണാർമലയിൽ അങ്ങനെയൊരു അത്യാഹിതം സംഭവിക്കുന്നതുവരെ കാത്തിരിക്കാതെ എത്രയുംവേഗം പുലിയെ മയക്കുവെടിവച്ച് പിടികൂടാനോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ വളരെ ശക്തമായ ഇടപെടൽ നടത്താനോ സാധിച്ചില്ലെങ്കിൽ ഇനിയൊരു ആളപായം അവിടെ ഉണ്ടാകുമെന്ന ആശങ്കയിലാണ്. ജനങ്ങൾ വളരെ പ്രകോപിതരാണ്. ഇക്കാര്യത്തിൽ അങ്ങയുടെ അടിയന്തരമായ ഒരു ഇടപെടൽ ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പെരിന്തൽമണ്ണ എം.എൽ.എ. ഉന്നയിച്ച പ്രശ്നം ഇന്നലെതന്നെ അദ്ദേഹവുമായി സംസാരിച്ചിട്ടുള്ളതാണ്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മണ്ണാർമല പ്രദേശത്ത് കഴിഞ്ഞ കുറച്ചുകാലമായി പുലിയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ

ആർ.ആർ.ടി.-കളെ നിയമിക്കുകയും പട്രോളിങ് ശക്തിപ്പെടുത്തുകയുമാണ് ഇതുവരെ ചെയ്തിരുന്നത്. നേരത്തെതന്നെ ഒരു കൂട് സ്ഥാപിച്ച് പുലിയെ പിടിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, അത് മതിയാകില്ലെന്നാണ് ഇന്നലത്തെ ആലോചനയിൽനിന്നും മനസ്സിലായത്. അതിനാൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള രണ്ട് കൂടുകൾക്ക് പുറമെ കൂടുകളുടെ എണ്ണം വർധിപ്പിക്കാനുള്ള നിർദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഈ പ്രദേശങ്ങളിൽ പുലിയുടെ സാന്നിധ്യമുണ്ടാകാനിടയായത് തോട്ടങ്ങളുടെ അടിക്കാടുകൾ പുലികൾ അവരുടെ ആവാസകേന്ദ്രമാക്കിയതുകൊണ്ടാണ്. അത്തരം അടിക്കാടുകൾ വെട്ടുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ചെയ്താൽ മാത്രമെ പുലിയുടെ സാന്നിധ്യമുണ്ടെന്ന് കണ്ടെത്തിയാലും അവയെ വെടിവയ്ക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ അവിടെ പുലിയെ വെടിവയ്ക്കാനുള്ള ഉത്തരവുകൂടി ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ അവിടത്തെ ജനങ്ങൾക്ക് ജീവഹാനി ഉണ്ടാകാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും ചർച്ചയിലൂടെ സ്വീകരിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കെൽട്രോണിനെതിരെയുള്ള വ്യാജ ആരോപണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ടതും കേരളത്തിന്റെ അഭിമാനവുമായ പൊതുമേഖലാ സ്ഥാപനമാണ് കെൽട്രോൺ. 2023-24 വർഷത്തെ മികച്ച പൊതുമേഖലാ സ്ഥാപനങ്ങളെ പ്രഖ്യാപിച്ചപ്പോൾ 200 കോടി രൂപയ്ക്കുമേൽ വിറ്റുവരവുള്ള സ്ഥാപനങ്ങളുടെ വിഭാഗത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് അവാർഡ് നേടി. ആയിരം കോടി രൂപയ്ക്ക് മുകളിലാണ് ഇന്ന് കെൽട്രോണിന്റെ വാർഷിക വിറ്റുവരവ്. ഇത്തരത്തിലുള്ള നേട്ടങ്ങളിൽ റെക്കോർഡ് സൃഷ്ടിച്ച് മുന്നേറുന്ന കെൽട്രോണിനെ രാഷ്ട്രീയപ്രേരിതമായ വിവാദങ്ങളിൽ കുരുക്കി നശിപ്പിക്കാൻ ഒരു വിഭാഗം/യു.ഡി.എഫ്. ശ്രമിക്കുകയാണ്. വിശേഷിച്ച് കോൺഗ്രസ് അതിന് ശ്രമിക്കുകയാണ്. കോൺഗ്രസിന്റെ പ്രമുഖ നേതാവ് ശ്രീ. കെ. മുരളീധരൻ കെൽട്രോൺ അടച്ചുപൂട്ടണമെന്നും പരിണിതപ്രജ്ഞനായ കോൺഗ്രസ് നേതാവ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് സ്വന്തമായി നട്ടും ബോൾട്ടും പോലുമുണ്ടാക്കാനറിയാത്ത സ്ഥാപനമാണ് കെൽട്രോൺ എന്നുമാണ്. യാതൊരുവിധ

അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങളുന്നയിച്ച് മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനും കോടതിയെ സമീപിച്ചു. രണ്ട് നേതാക്കളും നുണക്കഥകൾ മുഴുവൻ കോടതിയിൽ പറയുകയും കോടതി രേഖ ആവശ്യപ്പെട്ടപ്പോൾ ഒരു സിനിമയിൽ ശങ്കരാടി കൈരേഖ കാണിച്ചതുപോലെ ഇവർ കൈരേഖ മാത്രം കാണിക്കുകയാണുണ്ടായത്. യാതൊരുവിധ നിയമവിരുദ്ധതയോ അഴിമതിയോ നടപടിക്രമങ്ങളിൽ വീഴ്ചയോ ഇല്ലെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു. പൊതുതാൽപര്യം പറഞ്ഞുപോയ ഇവരുടെ ഹർജിക്ക് യാതൊരുവിധ പൊതുതാൽപര്യവും ഇല്ലെന്ന് കോടതി കണ്ടെത്തി. ദേശീയശ്രദ്ധ ആകർഷിച്ച ഒരു പദ്ധതിക്കെതിരെ യാതൊരു തെളിവുമില്ലാതെ ആരോപണങ്ങളുന്നയിച്ച് തടസ്സപ്പെടുത്താൻ ശ്രമിച്ച പ്രതിപക്ഷനേതാവ് മാപ്പ് പറയണമെന്നാവശ്യപ്പെട്ട് കെൽട്രോണിലെ തൊഴിലാളികൾ ഇന്ന് നിയമസഭയിലേയ്ക്ക് മാർച്ച് നടത്തുകയാണ്. എ.ഐ. ക്യാമറാ വിവാദം പോലെയുള്ള അനാവശ്യ വിവാദങ്ങളിലും അനാവശ്യമായി സ്ഥാപനത്തെ കോടതി വ്യവഹാരങ്ങളിലേയ്ക്കും വലിച്ചിഴച്ച് സ്ഥാപനത്തിന്റെ റെപ്യൂട്ടേഷൻ തകർക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നാണ്

തൊഴിലാളികൾ പറയുന്നത്. ഇത്തരത്തിലുള്ള വിവാദങ്ങൾ ചർച്ചയായതോടെ നിരവധി വർക്ക് ഓർഡറുകളാണ് കെൽട്രോണിന് നഷ്ടമായത്. കേന്ദ്ര സർക്കാരിന്റെ ബൃഹത്തായ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിങ് പദ്ധതിയുടെ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി ജർമ്മൻ കമ്പനിയുമായുള്ള MoU മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം കെൽട്രോണിനുണ്ടായി. ഈ വിവാദങ്ങളിലൂടെ കെൽട്രോണിന് നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുന്നതോടൊപ്പം വ്യാജ ആരോപണങ്ങളിലൂടെ കെൽട്രോണിനെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ സർക്കാരിന്റെ പ്രത്യേക ശ്രദ്ധയുള്ളതിനാൽ കൂടുതൽ ശ്രദ്ധയും കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയും അനിവാര്യമായതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

## കെൽട്രോണിനെതിരെയുള്ള വ്യാജ ആരോപണം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാന്യനായ അംഗം സബ്മിഷനിലൂടെ

ഉന്നയിച്ചത്. 1973-ൽ ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രോണിക്സ് പൊതുമേഖലാ കമ്പനിയായി ആരംഭിച്ച കെൽട്രോണിന് ഒരു ഘട്ടത്തിൽ പ്രതിസന്ധികളുണ്ടായിരുന്നെങ്കിലും പിന്നീട് അതെല്ലാം മറികടന്ന് മികച്ചരീതിയിൽ മുന്നോട്ടുപോകുന്ന സന്ദർഭത്തിലാണ് ഈ അനാവശ്യമായ വിവാദം ഉയർന്നുവന്നത്. അതുമായി ബന്ധപ്പെട്ട കോടതിവിധിയുടെ ഒരു ഭാഗം ഇന്നലെ ഇവിടെ വായിച്ചു. പൊതുതാൽപര്യ ഹർജികൾ എങ്ങനെ ഉപയോഗിക്കണമെന്നത് സംബന്ധിച്ച ഒരു ഭാഗം കൂടി വായിക്കാൻ അങ്ങ് അനുവദിക്കുമെന്ന് കരുതുന്നു.

" Public Interest Litigation (PIL) is a legal tool intended to uphold the rule of law and protect the rights of vulnerable or voiceless citizens. when there is a clear evidence of a failure or violation of the law. It is not designed as a forum for settling political disputes, addressing personal grievances, or challenging every Government decision without a solid factual basis. It' s significant to note that the Petitioners, who are members of the legislative assembly, did not approach the court until after the project

was fully implemented and went live on 5 June 2023.” ഈ പ്രോജക്ട് നടപ്പാക്കി പൂർത്തീകരിക്കുന്നതുവരെ കോടതിയെ സമീപിച്ചിട്ടില്ല. 90 പേജുള്ള ഈ റിട്ട് ഹർജിയിൽ തെളിവുകൾ ഹാജരാക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നുവെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. മഹാരാഷ്ട്ര, ഒറീസ, കർണ്ണാടക എന്നിവിടങ്ങളിലുള്ള ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് അധികാരികളുമായി തുടർന്നുവന്ന ചർച്ചയും NHAI-യുമായി തുടർന്നുവന്ന ക്യാമറ ചർച്ചകളും ഈ വിവാദങ്ങൾ ഉയർന്നുവന്നതുകൊണ്ട് നിർത്തിവയ്ക്കേണ്ടിവന്നു. കേന്ദ്ര സർക്കാരിന്റെ ബൃഹത്തായ ഓട്ടോമാറ്റിക് വെഹിക്കിൾ ടെസ്റ്റിങ് സിസ്റ്റത്തിന്റെ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി ജർമ്മൻ കമ്പനിയുമായി ഒരു എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നുവെങ്കിലും എ.ഐ. ക്യാമറ കേസിന്റെ വിവാദവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാൻ കഴിയാത്ത പ്രതിസന്ധി നേരിട്ടു. എന്നാൽ ഇപ്പോൾ ആ പ്രതിസന്ധികളെയെല്ലാം മറികടന്നുകൊണ്ട് കെൽട്രോൺ മികച്ച രീതിയിലേയ്ക്ക് വന്നിരിക്കുകയാണ്. കെൽട്രോൺ പൂർണ്ണമായും പ്രൊവിഷണലായി പ്രവർത്തിക്കുകയാണെന്നാണ് നാം കാണേണ്ടത്. ഇന്ത്യയിലെ പ്രതിരോധസേനയിൽ 36 വർഷത്തെ അനുഭവസമ്പത്തുള്ള

റീജിയണൽ എഞ്ചിനീയറിങ് കോളേജ് (ആർ.ഇ.സി.)-ൽ നിന്നും ബി.ടെക്ക്-ഉം ഐ.ഐ.ടി.-യിൽനിന്നും എം.ടെക്ക്-ഉം നേടിയ Vice Admiral ആണ് അതിന്റെ എം.ഡി. ആയി പ്രവർത്തിക്കുന്നത്. ഐ.എസ്.ആർ.ഒ.-യുടെ ഏറ്റവും മുതിർന്ന സയന്റിസിസ്റ്റ് അതിന്റെ ചെയർമാനായും NPOL-ന്റെ ഡയറക്ടറായിരുന്ന ആൾ ടി സ്ഥാപനത്തിന്റെ ടെക്നിക്കൽ ഡയറക്ടറായും പ്രവർത്തിക്കുന്നു. കൂടാതെ ഐ.എസ്.ആർ.ഒ.-യുടെ മുതിർന്ന സയന്റിസിസ്റ്റായ ഒരാളാണ് ഇപ്പോൾ എക്സിക്യൂട്ടീവ് ഡയറക്ടറായി പ്രവർത്തിക്കുന്നത്. അപ്രകാരം പ്രവർത്തിക്കുന്ന ഈ സ്ഥാപനം നിരവധി പുതിയ സംവിധാനങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. നിലവിലുള്ള ക്യാമറകൾ വണ്ടികൾ പോകുന്നതാണ് കാണുന്നതെങ്കിൽ കെൽട്രോൺ ഇപ്പോൾ വികസിപ്പിച്ച പുതിയ സാങ്കേതികവിദ്യയനുസരിച്ച് ആ വാഹനത്തിനകത്ത് ഇരിക്കുന്ന ആളെ പൂർണ്ണമായി നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന സംവിധാനമാണ് ഇപ്പോൾ ഏറ്റവും അവസാനമായി ലോഞ്ച് ചെയ്തിട്ടുള്ളത്. അങ്ങനെ എല്ലാ രീതിയിലുമുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് 1298 കോടി രൂപയ്ക്ക് മുകളിലേക്കുള്ള ടേൺ ഓവറിലേയ്ക്ക് കെൽട്രോൺ വന്നത്. ഈ

വിവാദങ്ങളില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ കുറേയേറെ മുന്നേറാൻ കഴിയുമായിരുന്നു. ഈ വിധിയിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് നാടിന്റെ താൽപര്യം സംരക്ഷിക്കാനുള്ള സമീപനം എല്ലാവരും സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

## കാഞ്ഞിരോട് കൈത്തറിഗ്രാമം പദ്ധതി

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ: സർ, എന്റെ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഒരു കൈത്തറി ഗ്രാമം പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയാണ് ഈ സബ്മിഷൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ഉന്നയിക്കുന്നത്. ഇപ്പോൾ കാഞ്ഞിരോട് കൈത്തറി സ്ഥാപനം ബഹുമാനപ്പെട്ട രാമചന്ദ്രൻ കടന്നപ്പള്ളി മന്ത്രിയുടെ മണ്ഡലത്തിലാണുള്ളത്. സ്ഥലപരിമിതിയാലും മറ്റും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ടെങ്കിലും വിദേശത്തേയ്ക്കടക്കം ഏറ്റവും ഉത്തമമായ കൈത്തറി ഉൽപന്നങ്ങൾ കയറ്റി അയയ്ക്കാൻ കഴിയുന്ന ഒരു സ്ഥാപനമാണത്. കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കൈത്തറി വില്ലേജ് സ്ഥാപിക്കുന്നതിന് 2022-ലെ ബജറ്റിൽ 5 ലക്ഷം രൂപ സൈറ്റ് ക്ലിയറൻസിനും 5 ലക്ഷം രൂപ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി പാസായിരുന്നു.

കാഞ്ഞിരോട് കൈത്തറി സ്ഥാപനത്തിന്റെ ഭാഗമായുള്ള 7 ഏക്കർ സ്ഥലത്താണ് കൈത്തറി ഗ്രാമത്തിന്റെ നിർമ്മാണം ഉദ്ദേശിക്കുന്നത്. എന്നാൽ 2022-ൽ പ്രാഥമികമായ തുക അനുവദിച്ചെങ്കിലും വിശദമായ എസ്റ്റിമേറ്റനുസരിച്ച് കൈത്തറി ഗ്രാമം തുടങ്ങാനാവശ്യമായ ധനം ലഭ്യമായിട്ടില്ല. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുമുണ്ട്. 50 കോടി രൂപയെങ്കിലും പ്രാഥമികമായി അതിനാവശ്യമായി വരും. എന്നാൽ ആദ്യഘട്ടമെന്ന നിലയിൽ 15 കോടി രൂപയ്ക്ക് അതിന്റെ സൈറ്റ് ക്ലിയറൻസും പ്രധാനമായിട്ടുള്ള നിർമ്മാണ കേന്ദ്രവും എക്സിബിഷൻ സെന്ററും ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. കണ്ണൂർ വിമാനത്താവളം ഇതിനടുത്തായതിനാൽ ഈ കൈത്തറി ഗ്രാമം വരുന്നത് വളരെ ഗുണകരമായിരിക്കും. കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതിക്കും വിപണനത്തിനും അതുപോലെ കൈത്തറിയെക്കുറിച്ച് പഠിക്കാനും അതിനെക്കുറിച്ച് അറിയാനും വരുന്നവർക്ക് ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഈ ഡെസ്റ്റിനേഷനെ മാറ്റണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രി എത്രയുംവേഗം കൈത്തറി ഗ്രാമം പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഏറെക്കാലമായി ബഹുമാന്യയായ അംഗം പിന്തുടരുന്ന പ്രധാനപ്പെട്ട പദ്ധതിയാണത്. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഈ പദ്ധതിയിൽ പ്രത്യേക താൽപര്യം പ്രകടിപ്പിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ടതാണ് കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി. ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ മണ്ഡലത്തിലെ കൂടാളി വില്ലേജിലാണ് കൈത്തറി ഗ്രാമം നടപ്പിലാക്കാനുദ്ദേശിക്കുന്നത്. സൈറ്റ് ക്ലിയറൻസ്, മരം മുറിക്കൽ സർവെ എന്നീ പ്രവൃത്തി നടത്താൻ ആദ്യഘട്ട പ്രവർത്തനത്തിന് 5 ലക്ഷം രൂപ അനുവദിച്ച് നൽകുകയും 2024-25 ബജറ്റിൽ 2.33 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുമുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ കണ്ടെത്താനുള്ള ടെൻഡർ നടപടിയുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, ഡിസൈൻ കോസ്റ്റ്, PRICE സോഫ്റ്റ്‌വെയർ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാനായി ഇ-ടെൻഡർ മുഖേന PMC-യെ തിരഞ്ഞെടുക്കുന്നതിനും പ്രാരംഭനടപടികൾക്കും തുക

റിലീസ് ചെയ്യാനുള്ള കൈത്തറി ഡയറക്ടറുടെ അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന വളരെ പ്രധാനപ്പെട്ട റോഡായ മഞ്ചേരി-വണ്ടൂർ-കാളികാവ് റോഡിലെ വാണിയമ്പലത്തെ ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപ്പാതയിലുള്ള റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിന് ശ്രീ. രാഹുൽ ഗാന്ധി പ്രത്യേക താൽപര്യമെടുത്ത് കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് 2021-22-ൽ കേന്ദ്ര റെയിൽവെ ബജറ്റിലെ പിങ്ക് ബുക്കിലുൾപ്പെടുത്തി 20.90 കോടി രൂപ അനുവദിച്ചിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഒരു ദിവസം 16 തവണയാണ് അവിടെ റെയിൽവേ ക്രോസ് ഗേറ്റ് അടയ്ക്കുന്നത്. വളരെ തിരക്കുള്ള വണ്ടൂർ-കാളികാവ് റോഡ് 16 തവണ അടയ്ക്കുമ്പോൾ പലപ്പോഴും അരമണിക്കൂറിലധികം ഗേറ്റ് അടച്ചിടുന്ന സാഹചര്യമുള്ളതിനാൽ വലിയ രീതിയിലുള്ള ഗതാഗത തടസമുണ്ടാകാറുണ്ട്. ഈ അടുത്ത ദിവസം അത്യാസന്നനിലയിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴി

ആംബുലൻസിൽ വച്ച് ഒരു പാവപ്പെട്ട രോഗി മരണപ്പെടുന്ന സാഹചര്യമുണ്ടായത്. ഗേറ്റടച്ചതിനാലാണ് രോഗിയെ ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായത്. ഈയൊരുകാര്യം കൊണ്ട് അവിടെ രാഷ്ട്രീയത്തിനതീതമായി എല്ലാവിധ ജനങ്ങളും ഇന്ന് വളരെ ശക്തമായ സമരത്തിന്റെ പാതയിലാണ്. ഏതെല്ലാം രീതിയിലാണ് സമരം പോകുന്നതെന്ന് ഭയപ്പെടുന്ന രീതിയിലാണ് ഞാൻ നിൽക്കുന്നത്. ഇന്ന് പണം അനുവദിച്ചിട്ടുപോലും ആ പ്രവൃത്തി തുടങ്ങാൻ കഴിയുന്നില്ല. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി നിർവഹിക്കുന്നതിനായി റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും അതുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തിയ ഏജൻസി മേൽപ്പാലയുമായി ബന്ധപ്പെട്ട മൂന്ന് അലൈൻമെന്റ് തയ്യാറാക്കുകയുമുണ്ടായി. തുടർന്ന് വണ്ടൂരിലെ ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് യോജിച്ച ഒരു അലൈൻമെന്റിന് അംഗീകാരം നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ട്രാഫിക് സ്റ്റഡിയും മണ്ണ് പരിശോധനയടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഡി.പി.ആർ. സമർപ്പിച്ചിരുന്നു. പക്ഷേ

ഭൂമിയേറ്റെടുക്കലുൾപ്പെടെ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ 100 ശതമാനം തുകയും ഇന്ന് കണ്ടെത്തുന്നതിനുവേണ്ടി പ്രസ്തുത ഡി.പി.ആർ. കേരള റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതായാണ് അറിയുന്നത്. ഇതുമായി ബന്ധപ്പെട്ട ഏത് ഏജൻസിയായാലും എത്രയും പെട്ടെന്ന് നിലവിലുള്ള സാഹചര്യം മാറ്റിയെടുക്കുന്നതിനുവേണ്ടി റെയിൽവേ ഓവർബ്രിഡ്ജ് അവിടെ ആരംഭിക്കണമെന്നത് പ്രധാനപ്പെട്ട കാര്യമായതിനാൽ ഗവൺമെന്റിന് ഏതെല്ലാം രീതിയിൽ ഇതിലിടപെടാൻ കഴിയുന്നുവോ ആ രീതിയിലിടപെട്ട് എത്രയുംവേഗം ഇത് നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രാധാന്യമുള്ളൊരു വിഷയമാണ് ബഹുമാന്യനായ അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. വാണിയമ്പലം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ആർ.ബി.ഡി.സി.കെ.(റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള)-യെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ

പിന്നീട് പാലത്തിന്റെ നിർമ്മാണം നൂറ് ശതമാനവും റെയിൽവേ ഫണ്ട് വിനിയോഗിച്ചുള്ള സ്കീമിൽ ഉൾപ്പെടുത്തിയതായി റെയിൽവേ അറിയിച്ചു. തുടർന്ന് അത്തരം പ്രവൃത്തികൾ ചെയ്യുന്ന കേരള റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.)-ന് നിർമ്മാണ ചുമതല നൽകണമെന്നും റെയിൽവേ നിർദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിക്കുകയും ചെയ്തു. ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ്. മേൽപ്പാലത്തിന്റെ ജി.എ.ഡി. (ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്) പൂർത്തീകരിച്ച് റെയിൽവേ ബോർഡിന്റെ അംഗീകാരത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും കെ.ആർ.ഡി.സി.എൽ. അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ചൂണ്ടിക്കാട്ടിയത്. പല റെയിൽവേ ലെവൽ ക്രോസുകളിലും ആളുകൾ മണിക്കൂറുകളോളം കാത്തുനിൽക്കുന്നൊരു സ്ഥിയാണുള്ളത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ തന്നെ ഈ വിഷയം വളരെ പ്രാധാന്യത്തോടെ കാണുകയും കേരളത്തിലെ റോഡുകളിൽ

തടസ്സമില്ലാത്ത യാത്ര സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 'ലെവൽ ക്രോസ്' ഇല്ലാത്ത കേരളം എന്ന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. തൊണ്ണൂറ്റി ഒൻപത് റെയിൽവേ ഓവർ ബ്രിഡ്ജുകളാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇരുപത്തിമൂന്ന് റെയിൽവേ ഓവർ ബ്രിഡ്ജുകൾ കേന്ദ്ര സർക്കാരിന്റെകൂടി പങ്കാളിത്തത്തോടെ നടപ്പാക്കാനും തീരുമാനിച്ചിരിക്കുകയാണ്. അതിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലുള്ള ഒൻപത് റെയിൽവേ ഓവർ ബ്രിഡ്ജുകളായ കാഞ്ഞങ്ങാട്, കൊടുവള്ളി, ഫറോക്ക്, തിരൂർ, ഗുരുവായൂർ, ചിറങ്ങര, മുളന്തുരുത്തി, കാരിത്താസ്, മാളിയേക്കൽ എന്നീ മേൽപ്പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷമുള്ള സർവ്വകാല റിക്കോർഡാണ് ഇതെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും കൂടുതൽ മേൽപ്പാലങ്ങൾ ഒരു സർക്കാരിന്റെ കാലത്ത് സാധ്യമാക്കുന്നൊരു ചരിത്രം ഇവിടെ നമുക്ക് കാണാൻ സാധിക്കും. നിലവിൽ ഏഴ് റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തി നടക്കുകയാണ്. അതോടൊപ്പം എട്ട് ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തി ഈ വർഷം

ആരംഭിക്കാനുള്ള നടപടിക്രമവും നടന്നുവരികയാണ്. ആളുകൾ മണിക്കൂറുകളോളം കാത്തുനിൽക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയ ഈ പ്രശ്നം വളരെ ഗൗരവത്തിലാണ് സംസ്ഥാന സർക്കാർ കാണുന്നത്. ഈ വിഷയത്തിലും ബന്ധപ്പെട്ടവരെ സമീപിച്ച് കാര്യങ്ങൾ വേഗത്തിലാക്കാനുള്ള ഇടപെടൽ നടത്താം. പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ കീഴിലാണ് ഈ പ്രവൃത്തികൾ നടക്കുന്നതെന്നുള്ളതാണ് ഇതിന്റെ ഒരു പരിമിതി. എന്നാലും ഇക്കാര്യത്തിൽ ഇടപെടാൻ സാധ്യമാകുന്ന നിലയിൽ കൂട്ടായി തന്നെ ഇടപെടാമെന്ന് സഭയെ അറിയിക്കുകയാണ്.

## ആലുവയിലെ റോഡുകൾ ബി.എം&ബി.സി നിലവാരത്തിൽ പുനർ നിർമ്മാണം

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജകമണ്ഡലത്തിലെ ചെറുതും വലുതുമായ ഏകദേശം പന്ത്രണ്ട് റോഡുകളാണ് ബി.എം.&ബി.സി. നിലവാരത്തിൽ പുനർ നിർമ്മാണം ചെയ്യേണ്ടത്. ഈ റോഡുകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിൽ പുനർനിർമ്മാണം ചെയ്യണമെന്ന് ഞാൻ പലവട്ടം എഴുതി നൽകിയിട്ടുള്ളതാണ്. ആലുവയിലെ കുറച്ച് റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ പുനർനിർമ്മാണം നടത്തിയിട്ടുണ്ട്.

ഈ പന്ത്രണ്ട് റോഡുകളിൽ ഉൾപ്പെട്ട ഇടപ്പള്ളി-മൂവാറ്റുപുഴ റോഡിന് (കളമശ്ശേരി നിയോജകമണ്ഡലത്തിലെ തേവയ്ക്കൽ മുതൽ പൂക്കാട്ടുപടി വരെയുള്ള നാല് കിലോമീറ്റർ റോഡ്) ഏകദേശം 5.5 കോടി രൂപയോളം ചെലവ് വരും. അതുപോലെ എടത്തല-തായ്ക്കാട്ട് റോഡ്, തുരുത്ത് റോഡ് എന്നിങ്ങനെയുള്ള മറ്റ് റോഡുകളും ഇതിൽ ഉൾപ്പെടുന്നു. ഇതിൽ ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ് വളരെ മോശപ്പെട്ടനിലയിലാണുള്ളത്. ഇക്കാര്യം ഞാൻ പലവട്ടം എഴുതി തരികയും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഞങ്ങൾക്ക് അത് അനുവദിച്ചിട്ടില്ല. പക്ഷെ ഇക്കാര്യം പറഞ്ഞ് ജനങ്ങൾ ഞങ്ങളെ വിമർശിക്കുകയാണ്. ഭരണപക്ഷത്ത് ഇരിക്കുന്ന പാർട്ടിയിൽപ്പെട്ടവർ ഉൾപ്പെടെയുള്ളവർ ഇതിന്റെ വസ്തുത അറിഞ്ഞിട്ടുപോലും ഞങ്ങളെ വിമർശിക്കുകയാണ്. അത് രാഷ്ട്രീയമാണ്, അതിൽ നമുക്ക് വിഷയമില്ല. പക്ഷേ അനാവശ്യ വിമർശനം ഞങ്ങൾ കേൾക്കുകയാണ്. ഇത് ഒരു ജനപ്രതിനിധിയെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുളവാക്കുന്ന കാര്യമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടണം. ജനങ്ങൾ പറയുന്നതിൽ വസ്തുത ഇല്ലാതെയില്ല. ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ് വളരെ മോശമായി കിടക്കുകയാണ്. ആ റോഡ്

സഞ്ചാര യോഗ്യമല്ലാത്ത രീതിയിലാകുന്ന സാഹചര്യമുണ്ട്. അതുകൊണ്ടാണ് ഇതിൽ പ്രതിഷേധമെല്ലാം വരുന്നത്. ഈ ഘട്ടങ്ങളിൽ റോഡ് പണി പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്. ആലുവ-മൂന്നാർ (എം.ഇ.എസ്. കവല വരെയുള്ള) റോഡിന് ഫണ്ട് അനുവദിച്ച് ടെൻഡർ ചെയ്ത് കഴിഞ്ഞതാണ്. മഴ എന്നുള്ള കാരണം പറഞ്ഞ് കോൺട്രാക്ടർമാർ യഥാസമയം ഇതിന്റെ പണി തുടങ്ങുന്നില്ല. നമ്മൾ പലപ്പോഴും ഇത് യാഥാർഥ്യമാക്കാൻ സാധിക്കില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് പറയുകയും ഇത് നടപ്പാക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. ഇതിനെല്ലാം പരാതി കേൾക്കുന്നത് സ്വാഭാവികമായും ജനപ്രതിനിധികളാണ്. അതുപോലെ തോട്ടുമുഖം മുതൽ മണലിമുക്ക് വരെയുള്ള റോഡ് വളരെ മോശപ്പെട്ട നിലയിൽ കിടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുണ്ട്. ഇത് ചർച്ച ചെയ്ത് പൂർത്തീകരിച്ചില്ലെങ്കിൽ കിൻഫ്രയ്ക്ക് നൽകുന്ന എൻ.ഒ.സി. റദ്ദ് ചെയ്ത് ആ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനർ നിർമ്മാണം നടത്തേണ്ടതാണ്. ഇതിനുവേണ്ടി ഫണ്ട് അവിടെ അനുവദിച്ച് നൽകിയതാണ്. റോഡിന്റെ പണി പൂർത്തിയാക്കാനുള്ള

സാഹചര്യമുണ്ടാക്കണമെന്നാണ് പറയാനുള്ളത്. ഫണ്ട് ലഭിച്ചില്ലെന്ന് പറയുന്നില്ല. ജനങ്ങളുടെ ഭാഗത്തുനിന്നും വലിയ തോതിലുള്ള പ്രതിഷേധങ്ങൾ ഉണ്ടാകുന്നു. ഇത്തരത്തിലുള്ള വിഷയങ്ങൾ പല ജനപ്രതിനിധികൾക്കുമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപ്പള്ളി-മൂവാറ്റുപുഴ (തേവയ്ക്കൽ മുതൽ പൂക്കാട്ടുപടി വരെ) റോഡിന് ഫണ്ട് അനുവദിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലുവ നിയോജകമണ്ഡലത്തിലെ പന്ത്രണ്ടോളം റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ പുതുക്കിപ്പണിയണമെന്നാണ് ബഹുമാന്യനായ ശ്രീ. അൻവർ സാദത്ത് സബ്മിഷനിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ റോഡുകൾ സഞ്ചാര യോഗ്യമല്ലാത്ത നിലയിലാണുള്ളതെന്ന് അദ്ദേഹം പരാമർശിച്ചത് ശരിയായ കാര്യമല്ല. ഈ റോഡുകൾ റണ്ണിങ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തി നല്ല നിലയിൽ പരിപാലിക്കുന്ന റോഡുകളാണ്. എങ്കിലും ബി.എം.&ബി.സി. നിലവാരത്തിൽ റോഡുകൾ നവീകരിക്കണമെന്ന അദ്ദേഹത്തിന്റെ ആവശ്യത്തോട് ഞാൻ യോജിക്കുകയാണ്. ഇക്കാര്യത്തിൽ വളരെ

പോസിറ്റീവായൊരു നിലപാടാണ് സർക്കാരിനുള്ളത്. സംസ്ഥാനത്തിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തുകയെന്നതാണ് സർക്കാരിന്റെ പൊതുനയം. ബി.എം.&ബി.സി. റോഡുകൾ നമ്മുടെ രാജ്യത്ത് ഇന്ന് ഏറ്റവും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. അഞ്ച്-എട്ട് വർഷത്തേക്ക് ഈ റോഡുകൾക്ക് ഒരു കുഴപ്പവും ഉണ്ടാകുകയില്ല. പക്ഷേ ഇതിന് കിലോമീറ്ററിന് അൻപത് ലക്ഷം രൂപ ചിപ്പിങ് കാർപ്പറ്റ് നിർമ്മാണത്തെക്കാൾ അധിക ചെലവാണ്. അനുയോജ്യമായ രീതിയിൽ ബി.എം.&ബി.സി. പ്രവൃത്തി നടന്ന നിയോജകമണ്ഡലം പരിശോധിച്ചാൽ ആ പട്ടികയിൽ ആലുവയും ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ് ജില്ലയിലെ തന്നെ വളരെ പ്രധാനപ്പെട്ട റോഡാണ്. സാമാന്യം ട്രാഫിക്കുള്ളൊരു റോഡാണിത്. ആലുവ ഭാഗത്ത് ബി.സി. റീ സർഫസിങ് ആവശ്യമാണെന്നാണ് പൊതുമരാമത്ത് വകുപ്പിന്റെ വിലയിരുത്തൽ. അതിനുള്ള ഫണ്ട് എങ്ങനെ കണ്ടെത്താൻ സാധിക്കുമെന്ന് പരിശോധിച്ച് തീരുമാനിക്കാം. മറ്റു റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിക്കാം. ഈ ഗവൺമെന്റ്

അധികാരത്തിൽ വരുമ്പോൾ അൻപത് ശതമാനം പി.ഡബ്ല്യൂ.ഡി. റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തണമെന്നാണ് നിശ്ചയിച്ചിരുന്നത്. അതിന് പ്രത്യേക സംവിധാനവും ഒരുക്കി. നാല് വർഷത്തിനുള്ളിൽ കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിലെ അൻപത് ശതമാനവും ബി.എം.&ബി.സി. നിലവാരത്തിലായി. ഇപ്പോൾ അറുപത് ശതമാനം റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലായിട്ടുണ്ട്. അധികം വൈകാതെ ഇന്ത്യയിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നൂറ് ശതമാനവും ബി.എം.&ബി.സി. നിലവാരത്തിൽ ആകാൻ പോകുന്ന സംസ്ഥാനത്തിന്റെ പേര് കേരളമാകാൻ പോകുകയാണെന്നുള്ളത് ഈ സഭയെ അറിയിക്കുകയാണ്. ആലുവ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. നിരത്തുവിഭാഗത്തിന് കീഴിൽ മാത്രം പതിനാല് പ്രവൃത്തികൾ പൂർത്തീകരിച്ചു. അഞ്ച് പ്രവൃത്തികൾ പുരോഗമിക്കുന്നു. രണ്ട് പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമായെങ്കിലും കിൻഫ്രാ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രം പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഒരു മീറ്റിങ് വിളിച്ചുചേർത്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഭരണാനുമതി ലഭ്യമാക്കിയ നാല് പ്രവൃത്തികളുടെ

സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് സാധ്യമാകുന്ന നിലയിൽ നമുക്ക് കാര്യങ്ങൾ ചെയ്യാം. ന്യായമായ കാര്യങ്ങൾ സ്വാഭാവികമായും ജനപ്രതിനിധികൾ ചെയ്യും. ആവശ്യമുള്ള വിമർശനങ്ങൾ അങ്ങനെ എടുക്കുക, അനാവശ്യമായ വിമർശനം വരുന്നത് ഒരു ചെവിയിൽക്കൂടി കേട്ട് മറ്റൊരു ചെവിയിലൂടെ കളഞ്ഞില്ലെങ്കിൽ മനസ്സിന് വലിയ പ്രശ്നമാകുമെന്ന് പ്രിയപ്പെട്ട സുഹൃത്തിനോട് അറിയിക്കുകയാണ്. വളരെ ന്യായമായ ആവശ്യങ്ങൾ എൽ.എഡി.എഫ്. സർക്കാർ അതേ അർഥത്തിൽ തന്നെയാണ് കാണുന്നത്.

## <u>ക്ഷീര കർഷകർക്ക് പാലിന് ന്യായവില ലഭ്യമാക്കൽ</u>

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, കേരളത്തിലുള്ള ക്ഷീര കർഷകർക്കും കുട്ടനാട്ടിലെ പ്രിയപ്പെട്ട താറാവ് കർഷകർക്കും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളം പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള വലിയ ശ്രമത്തിലാണ്. എന്നാൽ കന്നുകാലി വളർത്തൽ ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ സംസ്ഥാന കർഷകർക്ക് സാധിക്കുന്നില്ലെന്നുള്ളതാണ് വാസ്തവം. കുട്ടനാട് ഒരു കാർഷിക മേഖലയും

കന്നുകാലി വളർത്തലിന് വളരെയേറെ സൗകര്യമുള്ള പ്രദേശവുമാണ്. ഞങ്ങൾക്കുപോലും കന്നുകാലി വളർത്തൽ സാധിക്കുന്നില്ലെങ്കിൽ കേരളത്തിലെ കർഷകരുടെ അവസ്ഥ വളരെയധികം പരിതാപകരമാണ്. കന്നുകാലിത്തീറ്റയുടെ അശാസ്ത്രീയമായ വില വർധനവും ഉൽപാദനച്ചെലവിന് ആനുപാതികമായി പാൽ വില ലഭിക്കാത്തതും നല്ലയിനം കന്നുകാലികളെ ലഭിക്കാത്തതുമാണ് ഈ പ്രതിസന്ധിക്കൊക്കെ കാരണം. ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാനം ജാഗ്രത കാണിക്കേണ്ട സമയമാണിത്. ക്ഷീര കർഷകർക്ക് പലിശരഹിത സബ്സിഡി വായ്പ അനുവദിക്കുകയും പാലിന് ന്യായമായ വില ഉറപ്പുവരുത്തുകയും സംഭരണ-വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുകയും വില കുറച്ച് കാലിത്തീറ്റ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും മുനിസിപ്പാലിറ്റി-പഞ്ചായത്ത് വ്യത്യാസമില്ലാതെ എല്ലാ ക്ഷീര കർഷകരെയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുകയും ചെയ്യണം. കുട്ടനാട്ടിൽ പക്ഷിപ്പനിമൂലം കൊന്നൊടുക്കിയ താറാവ്, കോഴി എന്നിവയുടെ നഷ്ടപരിഹാരമായി താറാവ് കർഷകർക്കും കോഴി കർഷകർക്കും നൽകാനുള്ള തുകയുടെ 80 ശതമാനത്തോളം നഷ്ടപരിഹാരത്തുകയും

നൽകിയെങ്കിലും 20 ശതമാനം തുക ഇനിയും നൽകാനുണ്ട്. ആ വിഷയംകൂടി അടിയന്തരമായി പരിഹരിച്ച് എല്ലാ കാര്യങ്ങളും നല്ലരീതിയിൽ കൊണ്ടുവരാനുള്ള ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തിലേയ്ക്ക് ഇന്ന് മിൽമയും ക്ഷീരവികസന വകുപ്പും തോളോടുതോൾചേർന്ന് പ്രവർത്തിച്ചുവരികയാണ്. 2024-25 വർഷത്തിൽ ക്ഷീര കർഷകർക്ക് നേരിട്ട് പ്രയോജനപ്പെടുന്ന ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അതിദരിദ്ര കുടുംബങ്ങളിൽപ്പെടുന്ന ആളുകൾക്ക് സ്ഥിര വരുമാനം ഉറപ്പാക്കി ദാരിദ്ര്യനിർമ്മാർജനത്തിനായി പ്രത്യേകം പദ്ധതിയും തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ 'ക്ഷീരഗ്രാമം പദ്ധതി'-യും വാണിജ്യ ഡയറി ഫാമുകളിൽ യുവാക്കൾക്കായി സ്മാർട്ട് ഡയറി ഫാമുകൾ എന്ന പ്രത്യേക സഹായ പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ക്ഷീരലയം പദ്ധതി, മത്സ്യ-കയർ മേഖലകളിലെ തൊഴിലാളികൾക്ക്

സ്പെഷ്യൽ പദ്ധതികൾ, സ്പെഷ്യൽ ഡയറി പാക്കേജ്, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പശു വളർത്തൽ, പാൽ ഉൽപന്ന നിർമ്മാണം, ബയോഇൻപുട്സ്, തീറ്റപ്പുൽകൃഷി എന്നിവയ്ക്കെല്ലാം പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുള്ളതാണ്. ബാങ്ക് വായ്പയിലൂടെ 5 പശുക്കളെയും 10 പശുക്കളെയും വാങ്ങുന്നവർക്കും പലിശ ഇളവ് ഉൾപ്പെടെ നൽകിക്കൊണ്ടുള്ള പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒരു കർഷകന് ഒരു വർഷം 3 ലക്ഷം രൂപവരെ പലിശയിളവ് അനുവദിക്കുന്നു. അതോടൊപ്പം 50 കിടാരി വീതമുള്ള കിടാരി പാർക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 8 മാസം ഗർഭാവസ്ഥ മുതൽ പ്രസവശേഷം 3 മാസം വരെയുള്ള പശുക്കൾക്ക് പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതി നൽകുന്നുണ്ട്. വയനാട് ജില്ലയ്ക്ക് സ്പെഷ്യൽ ക്ഷീരവികസന പാക്കേജ് നൽകുന്നുണ്ട്. അതോടൊപ്പം മിൽക്ക് ഷെഡ് വികസന പദ്ധതികൾക്കായി 2024-25 വർഷക്കാലംകൊണ്ട് 1624.36 ലക്ഷം രൂപ ക്ഷീരവികസന വകുപ്പ് ഇപ്പോൾ ചെലവഴിച്ചിട്ടുണ്ട്. 2021-22-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും 121 കോടി രൂപയാണ് ചെലവഴിച്ചത്. 2022-23-ൽ 140 കോടി രൂപയും 2023-24-ൽ 132 കോടി രൂപയുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയത്. അപ്രകാരം

ഏകദേശം 95 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണ-ക്ഷീരവികസന വകുപ്പിന് ലഭിച്ചിട്ടുണ്ട്. 2024-25 മുതൽ കേരളത്തിലെ പാൽ ഉൽപാദന മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന 50 ഫോക്കസ് ബ്ലോക്കുകളിലും ഉരുക്കളെ വാങ്ങുന്ന സ്പെഷ്യൽ പദ്ധതി നടപ്പാക്കുന്നതിലൂടെ പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കഴിഞ്ഞ സാമ്പത്തിക വർഷം കർഷകരുടെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി മിൽമ ഫെഡറേഷൻ, മേഖല യൂണിയനുകൾ എന്നിവ ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മേഖലാ യൂണിയനുകളിലെ ക്ഷീരകർഷകർക്ക് അധിക പാൽ വിലയിൽമാത്രം 157.99 കോടി രൂപയാണ് സബ്സിഡിയായി മിൽമ നൽകിയത്. മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്ക് 96.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2005 ഏപ്രിൽ മാസം മുതൽ പാൽ ഉൽപാദനം താരതമ്യേന വർധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2025-ൽ പ്രതിദിനം 2.64 ലക്ഷം ലിറ്റർ പാലാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. ഈ വർഷം എറണാകുളം മേഖലയിൽ 2.83 ലക്ഷം ലിറ്റർ പാലും മലബാർ മേഖലയിൽ 6.71 ലക്ഷം ലിറ്റർ

പാലുമാണ് ഒരു ദിവസം ഉൽപാദിപ്പിച്ചത്. ആ നിലയിൽ പാൽ ഉൽപാദനരംഗത്ത് വൻ വർധനവാണ് ഇത്തവണ ഉണ്ടായിട്ടുള്ളത്. പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണ്. കണക്കുകൾ പരിശോധിച്ചാൽ, തമിഴ്നാട് 34.72 രൂപയും കർണാടക 35.20 രൂപയുമാണ് ഒരു ലിറ്റർ പാലിന് നൽകുന്നത്. എന്നാൽ 43.17 രൂപയാണ് കേരളം നൽകുന്നത്. ഇന്ത്യയിൽ പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനമെന്ന ഖ്യാതികൂടി കേരളത്തിനുണ്ടെന്നുള്ളത് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി 2011 സെപ്റ്റംബർ മാസം 1-ാം തീയതി പുറപ്പെടുവിച്ച ഉത്തരവിൽ പാൽ വില വർധിപ്പിക്കുന്നതിനുള്ള അധികാരം മിൽമയ്ക്കാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്നും ധാരാളം പാൽ കുറഞ്ഞ നിരക്കിൽ നമ്മുടെ സംസ്ഥാനത്ത് എത്തിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ക്ഷീരവിപണിക്ക് ഭീഷണിയാകുമെന്ന വിധത്തിലുള്ള സാധ്യതകൾ കണ്ടുകൊണ്ടും പാൽ വില വർധനവ് സംബന്ധിച്ച് രൂപീകരിച്ച അഞ്ചംഗ കമ്മിറ്റിയുടെ റിപ്പോർട്ട് കണക്കിലെടുത്തുകൊണ്ടും ഈ കമ്മിറ്റിയുടെ

ശിപാർശപ്രകാരവും ക്ഷീര കർഷകർക്ക് പ്രയോജനകരമായ രീതിയിലുള്ള പാൽ വില വർധനവ് നടപ്പാക്കാനുള്ള നടപടികൾ മിൽമ അധികം വൈകാതെ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഒരു കാര്യംകൂടി സൂചിപ്പിക്കുകയുണ്ടായി. പക്ഷിപ്പനിമൂലം ആലപ്പുഴ ജില്ലയിൽ പക്ഷികളെ കൊന്നൊടുക്കിയതുകാരണമുണ്ടായ നഷ്ടത്തിന്റെ 80 ശതമാനം തുക കഴിഞ്ഞ ആറുമാസം മുമ്പ് അനുവദിച്ചിട്ടുണ്ട്. 20 ശതമാനം തുകകൂടി നൽകാനുള്ള സംവിധാനം ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. പന്നി കർഷകർക്കും അവരുടെ മുഴുവൻ തുകയും നൽകാനുള്ള തുക സർക്കാരിന്റെ കൈവശമുണ്ട്. അത് കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## എച്ച്.എം.സി.-കളിലെ ജീവനക്കാരുടെ ജോലി സ്ഥിരതയും ആനുകൂല്യങ്ങളും ലഭ്യമാക്കൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിലെ സർക്കാർ ആശുപത്രികളിലെ വികസന സമിതികളിലും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിലും ജോലി ചെയ്യുന്ന ഏകദേശം 7500-ഓളം വരുന്ന തൊഴിലാളികളും ജീവനക്കാരുമുണ്ട്. അവരുടെ സേവന-വേതന വ്യവസ്ഥകളിലും ജോലി സ്ഥിരത ഉൾപ്പെടെയുള്ള വിഷയങ്ങളിലും

ആരോഗ്യ വകുപ്പ് വളരെ ഗൗരവമായി ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 33 വർഷം മുതൽ താഴോട്ട് സീനിയോറിറ്റിയുള്ളവരാണ് ജീവനക്കാരിൽ മഹാഭൂരിപക്ഷവും. അവരുടെ വേതനം സംബന്ധിച്ച് ഒരു ഏകീകരണവും ഇതുവരെയുമുണ്ടായിട്ടില്ല. മെഡിക്കൽ കോളേജുകളിൽ നഴ്സുമാർ ഉൾപ്പെടെയുള്ളവർക്ക് ദിവസവേതനമെന്ന നിലയിൽ 700 രൂപയ്ക്കുമുകളിൽ ശമ്പളം നൽകുമെങ്കിലും മറ്റ് ആശുപത്രികളിൽ 450-500-550-600 രൂപയാണ് വേതനമായി നൽകിക്കൊണ്ടിരിക്കുന്നത്. കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ദിവസവേതനക്കാരായി ആയിരത്തിനുമുകളിൽ ജീവനക്കാരും തൊഴിലാളികളുമുണ്ട്. നമുക്ക് ആരോഗ്യരംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാനും നേട്ടം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഏറെ അഭിമാനാർഹമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇടപെടലിനെക്കുറിച്ചെല്ലാം നമ്മൾ കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. കേരളത്തിന്റെ പൊതുജനാരോഗ്യ മേഖല ഇത്ര മെച്ചപ്പെട്ടുവരുന്നതിൽ നിസ്വാർഥവും നിസ്തുലവുമായ സേവനം നൽകുന്നവരാണ് തൊഴിലാളികൾ. ശുചീകരണം മുതൽ സ്കാനിങ് വരെയുള്ള ജോലികൾ ചെയ്യുന്നവരാണവർ. നമ്മൾ ഏറെ

ആദരവോടുകൂടി പറയുന്ന ഒരു നാമമാണ് സിസ്റ്റർ ലിനിയുടേത്. ലിനി എന്ന നിപയുടെ രക്തസാക്ഷി, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താലൂക്കാശുപത്രിയിലെ നഴ്സായിരുന്നു. 450 രൂപയായിരുന്നു അവരുടെ ശമ്പളം. അങ്ങനെയുള്ള നൂറുകണക്കിന് ലിനിമാർ ഈ ആശുപത്രികളിൽ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു സാധാരണ സ്ഥിരം ജീവനക്കാരന് ലഭിക്കുന്ന വേതനത്തിന്റെ നാലിലൊന്നുപോലും അവർക്ക് ലഭിക്കുന്നില്ലെന്നതുമാത്രമല്ല അവർക്ക് മറ്റൊരു തരത്തിലുള്ള ആനുകൂല്യങ്ങളുമില്ല. അവർക്ക് മെറ്റേണിറ്റി ലീവില്ല. പ്രസവശേഷം അവധിയെടുത്താൽ ജോലി പോലുമില്ലാത്ത അവസ്ഥയാണ്. പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ., ബോണസ്, മിനിമം വേതനം ഇവയൊന്നുംതന്നെ ഇല്ല. ഈ നിലയിലുള്ള വളരെ ദയനീയമായ അവസ്ഥയാണ് അവർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജുകളിൽ വലിയ പ്രയാസങ്ങളില്ല. എന്നാൽ ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കുന്ന ആശുപത്രികളിലുമാണ് പലപ്പോഴും വലിയ തോതിലുള്ള പ്രയാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: മൂന്ന് മിനിട്ടായി. അങ്ങ് അവസാനിപ്പിക്കൂ. ബഹുമാനപ്പെട്ട മന്ത്രിക്ക് വിഷയം എന്താണെന്ന് മനസ്സിലായി.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അതിനാൽ ഈ ജീവനക്കാരുടെ പ്രശ്നത്തെ ഗൗരവമായിക്കണ്ട് അവരുടെ സേവന-വേതന വ്യവസ്ഥകൾ ന്യായമായ രീതിയിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വളരെയേറെ വർഷങ്ങളായി നിലനിൽക്കുന്ന ഒരു വിഷയമാണ് ബഹുമാന്യനായ അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം നടപ്പാക്കിയതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്ക് വന്ന ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇത്തരത്തിലുള്ള വിഷയങ്ങളുള്ളത്. പഞ്ചായത്തുകളിൽ 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിങ് കമ്മിറ്റികൾ) ചട്ടങ്ങൾ പ്രകാരവും നഗരസഭകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലെ ആശുപത്രി മാനേജിങ് കമ്മിറ്റികൾ

രൂപീകരിച്ചിരിക്കുന്നത് 2013-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിങ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരവുമാണ്. മാനേജിങ് കമ്മിറ്റിക്ക് അതിൽ നിക്ഷിപ്തമായ ചുമതലകൾ ശരിയായ വിധത്തിൽ നിർവഹിക്കുന്നതിനും അതോടൊപ്പം രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സേവനം നൽകുന്നതിനുംവേണ്ടി അവരുടെ വരുമാന ലഭ്യതയ്ക്കും സർക്കാർ മാർഗനിർദേശങ്ങൾക്കും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുൻകൂർ അനുമതിക്കും വിധേയമായാണ് പൊതുജനാരോഗ്യ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഓരോ ആരോഗ്യ സ്ഥാപനത്തിന്റെയും, അത് എച്ച്.എം.സി./എച്ച്.ഡി.സി. ആയാലും ജീവനക്കാരുടെ വേതനം വ്യത്യസ്തമാണ്. എച്ച്.എം.സി., എച്ച്.ഡി.സി. എന്നിവ മുഖാന്തരം നിയമിതരാകുന്ന താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നത് സംബന്ധിച്ച വ്യവസ്ഥ മുകളിൽ പറഞ്ഞ ചട്ടങ്ങളിലാണ് വ്യക്തമാക്കിയിട്ടുള്ളത്. വളരെ നിസ്തുലമായ സേവനമാണ് പ്രസ്തുത ജീവനക്കാർ നൽകുന്നതെന്നുള്ളത് പ്രത്യേകം

എടുത്തുപറയേണ്ടതുണ്ട്. ആദരണീയയായ സിസ്റ്റർ ലിനിയുടെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. പ്രസ്തുത വിഷയം സർക്കാർ വളരെ ഗൗരവത്തോടുകൂടി കാണുന്നുണ്ട്. ആശുപത്രി വികസന സമിതി, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി എന്നിവ മുഖാന്തരം നിയമിക്കപ്പെട്ട് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം 19-03-2025-ന് മന്ത്രിതലത്തിൽ ഉയർന്ന ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും ആ യോഗത്തിൽ ഇക്കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുകയും ചെയ്തു. താൽക്കാലിക ജീവനക്കാരായതുകൊണ്ട് കരാർ അടിസ്ഥാനത്തിലാണ് അവരെ നിയോഗിക്കുന്നത്, എന്നിരുന്നാലും ഒരു പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ അവർക്ക് ജോലിയിൽ തുടരുന്നതിനുള്ള തുടർനിയമനങ്ങൾ നൽകിവരുന്നുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് ഒരു ശിപാർശ സമർപ്പിക്കുന്നതിനുവേണ്ടി ഒരു സമിതിയെ രൂപീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ

അത് ഗൗരവമായി പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## വൈക്കം വെള്ളൂരിൽ AIIMS സ്ഥാപിക്കൽ

ശ്രീമതി സി. കെ. ആശ: സർ, കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം പരിഗണിക്കുമ്പോൾ വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂരിൽ എച്ച്.എൻ.എൽ.-ൽനിന്നും ഏറ്റെടുത്ത സ്ഥലം കൂടി പരിഗണിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനായാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എയിംസ് കേരളത്തിന് അനുവദിച്ചുനൽകുക എന്നത് സംസ്ഥാന സർക്കാരിന്റെ കേന്ദ്ര സർക്കാരിനോടുള്ള ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയെങ്കിലും നാളിതുവരെ കേരളത്തിന് അർഹതപ്പെട്ട എയിംസ് അനുവദിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ എയിംസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് കേന്ദ്ര സർക്കാരിന് അയയ്ക്കുമ്പോൾ വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ പഞ്ചായത്തിൽ എച്ച്.എൻ.എൽ.-ൽനിന്ന് കിൻഫ്ര വഴി സർക്കാർ ഏറ്റെടുത്ത

700 ഏക്കർ വ്യവസായ വകുപ്പിന്റെ KPPL-നും റബ്ബർ പാർക്കിനും ആവശ്യമായ സ്ഥലം ഒഴികെ എയിംസിന് ആവശ്യമുള്ള സ്ഥലം വ്യവസായ വകുപ്പിന്റെ സാങ്കേതികത്വം മറികടന്ന് അനുവദിക്കാവുന്നതാണ്. പ്രസ്തുത സ്ഥലത്തിന് വളരെയേറെ പ്രത്യേകതകളുണ്ട്. ഒന്നാമതായി കേരളത്തിന്റെ മധ്യഭാഗത്താണ് സ്ഥിതിചെയ്യുന്നുവെന്നതാണ്. അടുത്തതായി ഇവിടേയ്ക്ക് കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുള്ളവർക്കും എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കും. മാത്രമല്ല, 35-40 കിലോമീറ്ററുകൾക്കുള്ളിൽ സീപോർട്ട്, എയർപോർട്ട് എന്നിവയും ഒരു കിലോമീറ്റർ ദൂരത്തിൽ റെയിൽവേ സ്റ്റേഷനും നിർദിഷ്ട എരുമേലി എയർപോർട്ടിന്റെ സാന്നിധ്യവുമുണ്ട്. കുടിവെള്ളത്തിനും വൈദ്യുതിക്കുമായി എച്ച്.എൻ.എൽ.-ൽ സ്ഥാപിച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സബ്സ്റ്റേഷനുമെല്ലാം പ്രസ്തുത സ്ഥലത്ത് നിലവിലുണ്ട്. സർവോപരി ഒരാളെപ്പോലും കുടിയൊഴിപ്പിക്കാതെ എയിംസിന് ആവശ്യമുള്ള സ്ഥലം ഇവിടെ ലഭ്യമാണെന്നുള്ളതും കണക്കിലെടുത്ത് എയിംസിനുവേണ്ടി സ്ഥലം ലിസ്റ്റ് ചെയ്യുമ്പോൾ വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂരിലെ പ്രസ്തുത സ്ഥലം കൂടി പരിഗണിച്ചുകൊണ്ട് കേരളത്തിന്റെ ഏറ്റവും വലിയ ജനകീയ ആവശ്യമായ

എയിംസ് കേരളത്തിന് ലഭിക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിന് എയിംസ് വേണമെന്ന ആവശ്യം ഒരു പതിറ്റാണ്ടിലേറെയായി കേരളം കേന്ദ്ര സർക്കാരിനോട് ഉന്നയിക്കുന്നതാണ്. ആദ്യഘട്ടത്തിൽ കേരളം പല സ്ഥലങ്ങൾ പ്രൊപ്പോസ് ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യമന്ത്രാലയം ഒരു സ്പെസിഫിക് സ്ഥലം കാണിച്ച് അതിന്റെ വിശദാംശങ്ങൾ നൽകണമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം (വ്യവസായ വകുപ്പിന്റെ 150 ഏക്കർ സ്ഥലവും അക്വയർ ചെയ്ത 50 ഏക്കർ സ്ഥലവും), അതിന്റെ നടപടികൾ പൂർത്തീകരിച്ച് അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. എയിംസ് അനുവദിക്കുന്നതിനുവേണ്ടി പല പ്രാവശ്യം ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിമാരെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും അവസാനം ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ ഒരു കത്ത് ലഭിച്ചതിൽ അറിയിച്ചിട്ടുള്ളത്,

നിങ്ങളുടെ പ്രൊപ്പോസൽ പരിഗണിക്കുന്നുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് മറ്റ് എതിർപ്പുകളൊന്നുമില്ലെന്നും ഇത് ധനകാര്യമന്ത്രാലയത്തിന് കൈമാറുന്നു എന്നുമാണ്. അടുത്ത തവണ എയിംസ് അനുവദിക്കുമ്പോൾ കേരളത്തെ പരിഗണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പക്ഷേ കുറച്ചുനാളുകളായി നമ്മൾ ഇത് കേൾക്കുന്നുണ്ട്. ഒരു പൊളിറ്റിക്കൽ ഡിസിഷനാണ് ഇതിൽ പെൻഡിങ്ങായിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നു. കേരളത്തിന് എയിംസ് വേണമെന്നുള്ളത് നമ്മുടെ ആവശ്യമാണ്. കേന്ദ്രം ഒരു സ്ഥലം ചൂണ്ടിക്കാണിക്കണമെന്ന് പറഞ്ഞപ്പോൾ കോഴിക്കോട് ജില്ലയിലെ കിനാലൂരാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതുസംബന്ധിച്ച തീരുമാനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. കേരളം അത് പ്രതീക്ഷിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂരിൽ HNL-ൽനിന്നും ഏറ്റെടുത്ത സ്ഥലത്ത് KPPL എന്ന പുതിയ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചു. കേരള റബ്ബർ കമ്പനിക്ക് പുതിയതായി സ്ഥലം അനുവദിച്ച് അവിടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. KPPL-ന്റെ അടുത്ത ഘട്ടത്തിന്റെ പ്രൊപ്പോസൽ

അംഗീകരിച്ചിട്ടുണ്ട്. വെള്ളൂരിൽ നിലവിൽ സ്ഥലമൊന്നും ലഭ്യമല്ലെന്ന കാര്യം കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.